I7

## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.26

25/04/2017 ൽ മറുപടി നൽകേണ്ടിയിരുന്നത്.

# "ഹരിതകേരളം പദ്ധതി"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സുരേഷ് കുറുപ്പ്<br>ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ.ബി.സത്യൻ | | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) | |
| (എ) | ഹരിതകേരളം പദ്ധതിയുടെ നടത്തിപ്പിലൂടെ സംസ്ഥാനത്തെ പച്ചപ്പ് നിലനിർത്തി മാലിന്യമുക്തമാക്കുന്ന പദ്ധതിയെ സാക്ഷരതാ യജ്ഞം മാതൃകയിൽ ജനകീയ യജ്ഞമാക്കി മാറ്റുന്നതിന് ആലോചിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഹരിതകേരളം സൃഷ്ടിക്കുക എന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകളുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ആവശ്യമായ സന്ദർഭങ്ങളിൽ പിന്തുണ ഉറപ്പാക്കുകയും ചെയ്യുക എന്ന ധർമ്മമാണ് ഹരിതകേരളം മിഷന് ഉള്ളത്. ഹരിതകേരളം മിഷൻ സംസ്ഥാനതലം മുതൽ തദ്ദേശസ്വയംഭരണതലം വരെയുള്ള സമൂഹത്തെ മുഴുവൻ പങ്കാളികളാക്കികൊണ്ട് മാലിന്യ സംസ്കരണവും ജലസംരക്ഷണവും കൃഷി വ്യാപനവും കേരളത്തിലെ ഓരോ വ്യക്തിയുടെയും ചിന്തയും പ്രവൃത്തിയുമായി മാറ്റുക എന്ന വലിയ ലക്ഷ്യമാണ് മുന്നോട്ട് വെയ്ക്കുന്നത്. ഹരിതകേരളം സൃഷ്ടിക്കുന്നതിന് സമൂഹത്തെയാകെ പങ്കെടുപ്പിക്കാൻ കഴിയുന്ന തരത്തിലുള്ള പ്രചാരണ പ്രോത്സാഹന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകികൊണ്ടുള്ള ജനകീയ യജ്ഞമാണ് ഉദ്ദേശിക്കുന്നത് |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി പൊതു ശുദ്ധ ജല സ്രോതസ്സുകളും കുളങ്ങളും ശുചീകരിക്കുന്നതിനും നവീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ ചുമതല ഏതു വകുപ്പിനാണ് നൽകിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | (ബി) | പ്രധാനമായും ജല വകുപ്പും തൊഴിലുറപ്പ് പദ്ധതിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഏകോപിപ്പിച്ചുകൊണ്ട് പൊതു ശുദ്ധജല സ്രോതസ്സുകളും കുളങ്ങളും ശുചീകരിക്കുന്ന തിനും നവീകരിക്കുന്ന തിനുംആണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള പ്രവർത്ത നങ്ങൾ എല്ലാ ജില്ലകളിലും നടന്നു വരുന്നു. |
| (സി) | ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒരു പൊതു ജലാശയമെങ്കിലും നിർമ്മിക്കുന്നതിനോ പുനരുദ്ധരിക്കുന്നതിനോ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (സി) | സ്വീകരിച്ചിട്ടുണ്ട്. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ ഒരു പൊതു ജലാശയമെങ്കിലും നിർമ്മിക്കുന്നതിനോ പുനരുദ്ധരിക്കുന്നതിനോ ഉള്ള തീരുമാനം എടുത്തിട്ടുണ്ട്. ഇതിനനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ